## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5557** **27.03.2018 ലെ മറുപടിയ്ക്ക്**

## നഗരസഭാ ജീവനക്കാരുടെ പെൻഷൻ ബാധ്യത

ചോദ്യം
ശ്രീ.മോൻസ് ജോസഫ്

ഉത്തരം
ഡോ. കെ.റ്റി. ജലീൽ,
(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | നഗരസഭാ ജീവനക്കാരുടെ പെൻഷൻ ഫണ്ട് എല്ലാ നഗരസഭകളും അടയ്ക്കുന്നുണ്ടോ; ഏതെല്ലാം നഗരസഭകളാണ് പെൻഷൻ ഫണ്ട് അടയ്ക്കാത്തത് എന്നറിയിയ്ക്കാമോ; | (എ) | നിലവിൽ 38 നഗരസഭകൾ പെൻഷൻ ഫണ്ട് അടയ്ക്കുന്നുണ്ട്.<br>തിരുവനന്തപുരം, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, നെടുമങ്ങാട്, വർക്കല, സൗത്ത് പരവൂർ, പുനലൂർ, പത്തനംതിട്ട, തിരുവല്ല, ആലപ്പുഴ, ചേർത്തല, കായംകുളം, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര, കോട്ടയം, ഏറ്റുമാനൂർ, ചങ്ങനാശ്ശേരി, കോച്ചി, ആലുവ, ഏലൂർ, പെരുമ്പാവൂർ, മൂവാറ്റുപുഴ, പിറവം, തൃക്കാക്കര, നോർത്ത് പറവൂർ, കോതമംഗലം, തൃശ്ശൂർ, ഗുരുവായൂർ, ഇരിങ്ങാലക്കുട, കുന്നംകുളം, ചാലക്കുടി, ചാവക്കാട്, ചെർപ്പുളശ്ശേരി, ചിറ്റൂർ-തത്തമംഗലം, മഞ്ചേരി, താനൂർ, പെരിന്തൽമണ്ണ, കോഴിക്കോട്, വടകര, ഫറോക്ക്, കൽപ്പറ്റ, കണ്ണൂർ, പാനൂർ, തളിപ്പറമ്പ്, പയ്യന്നൂർ, തലശ്ശേരി, കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം, വൈക്കം എന്നീ നഗരസഭകൾ പെൻഷൻ ഫണ്ട് യഥാസമയം അടയ്ക്കാറില്ല. |
| (ബി) | ഈ ബാധ്യത സർക്കാർ ഏറ്റെടുക്കുമോ; പെൻഷൻ ഫണ്ട് അടയ്ക്കാത്ത നഗരസഭകൾക്കെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ; | (ബി) | പെൻഷൻ ഫണ്ടിൽ തുക നീക്കിയിരിപ്പില്ലാത്തതിനാൽ പെൻഷൻ അലോട്ട്മെന്റ് നൽകാറില്ല. ആയതിനാൽ നഗരസഭയിൽ നിന്നും റിട്ടയർ ചെയ്യുന്ന റഗുലർ ജീവനക്കാരുടെ പെൻഷൻ ചെലവ് നഗരസഭകൾ നൽകുന്നതിനാലും ആയത് |

| | | | |
|---|---|---|---|
| | | | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കേണ്ട തുകയേക്കാൾ അധികമായതിനാലും പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാത്തതിന് നഗരസഭകൾക്കെതിരെ നടപടി സ്വീകരിക്കാറില്ല. |
| (സി) | നഗരസഭകളുടെ പെൻഷൻ ബാധ്യത ഇപ്പോൾ എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ; | (സി) | 31/03/2018 വരെ 345,81,08,473/- രൂപ (മുന്നൂറ്റി നാൽപ്പത്തിയഞ്ച് കോടി എൺപത്തിയൊന്ന് ലക്ഷത്തി എണ്ണായിരത്തി നാന്നൂറ്റി എഴുപത്തി മൂന്ന രൂപാ മാത്രം) |
| (ഡി) | നഗരസഭകളിൽ നിന്നും ഡെപ്യൂട്ടേഷൻ പോയ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ; ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത് സർക്കാർ ആണെങ്കിൽ പെൻഷൻ ഫണ്ട് എങ്ങനെ കണക്കാക്കും എന്നറിയിക്കാമോ; | (ഡി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നാണ് അടയ്ക്കേണ്ടത്. |
| (ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപന പൊതുസർവ്വീസ് രൂപീകരിക്കുമ്പോൾ പെൻഷൻ ബാധ്യത ഏതു രീതിയിൽ പരിഗണിക്കും എന്നറിയിക്കാമോ? | (ഇ) | ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |

സെക്ഷൻ ആഫീസർ